**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4930** **23.03.2018**-ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് **2009**-ൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു എങ്കിലും നാളിതു വരെ വർദ്ധിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എത്ര രൂപയാണ് സ്റ്റൈപ്പന്റ് നൽകുന്നത്; | (എ) | 23/07/2016-ലെ സ.ഉ.(പി) നം.04/2016/പജപവവിവ ഉത്തരവ്പ്രകാരം സ്റ്റൈപ്പന്റ് നിരക്ക് വർദ്ധിപ്പിച്ചിരുന്നു. ഈ ഉത്തരവ്പ്രകാരം 8 കിലോമീറ്ററിനുള്ളിൽ 630/- രൂപയും, 8 കിലോമീറ്ററിനു മുകളിൽ 750/-രൂപയുമാണ് പ്രതിമാസ സ്റ്റൈപ്പന്റ് നിരക്ക്. |
| (ബി) | പട്ടികജാതി വികസന വകുപ്പും ന്യൂനപക്ഷ വകുപ്പും നടത്തുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻററിൽ വർഷങ്ങളായി രണ്ട് വിഭാഗങ്ങളിലെയും അധ്യാപകർക്ക് നൽകുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | പട്ടികജാതി വികസന വകുപ്പിന്റെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ സേവനമനുഷ്ഠിക്കുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് മണിക്കൂറിന് 300/-രൂപ നിരക്കിലും, കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാർക്ക് ആദ്യ മണിക്കൂറിന് 175 രൂപയും തുടർന്നുള്ള മണിക്കൂറിന് 140 രൂപ ക്രമത്തിലും പരമാവധി പ്രതിമാസം 14000/-രൂപ വരെ നൽകി വരുന്നു.<br>ന്യൂനപക്ഷയുവജനങ്ങളെ പി.എസ്.സി., യു.പി.എസ്.സി മുതലായ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായുള്ള പരിശീലനകേന്ദ്രങ്ങളാണ് ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നത്. ടി പരിശീലനകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് 2010 മുതൽ മണിക്കൂറിന് 300/-രൂപയും 03/03/2016 ൽ മണിക്കൂറിന് 400/-രൂപയും 10/07/2017 മുതൽ മണിക്കൂറിന് 500/-രൂപയുമാണ് നൽകി വരുന്നത്. |
| (സി) | ന്യൂനപക്ഷ ട്രെയിനിംഗ് സെൻററിൽ ക്ലാസ് എടുക്കുന്ന അധ്യാപകർക്ക് മണിക്കൂറിന് നൽകുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള അധ്യാപകർക്ക് മണിക്കൂറിന് നൽകുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ; | (ഡി) | മണിക്കൂർ കണക്കിന് ഫീസ് നൽകപ്പെടുന്ന അദ്ധ്യാപകൻ വകുപ്പിന്റെ കീഴിലില്ല. |
| (ഇ) | ന്യൂനപക്ഷ ട്രെയിനിംഗ് സെന്ററിൽ പ്രിൻസിപ്പൽമാരുടെ ശമ്പളം എത്ര എന്ന് വ്യക്തമാക്കാമോ? | (ഇ) | 28/04/2017 ലെ സ.ഉ.(അച്ചടി) നം.56/2017/ധന പ്രകാരം ന്യൂനപക്ഷ പരിശീലനകേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർക്ക് 41475/-രൂപയാണ് കരാർ വേതനമായി നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ